കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ പികെഡി17-1728/2019

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി.29.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറളി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : പറളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ പികെഡി17-1728/2019 തിയതി: 29.01.2020

# പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.7.2018 മുതൽ 27.11.2019തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മുഴുവൻ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ |
| | ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 28.11.2019 മുതൽ 7.11.2019 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.സരിത. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മുഹമ്മദ് ഹിഷാം.എം. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ആർ.ഗിരിജ | 1.4.18മുതൽ 31.3.19വരെ |
| സെക്രട്ടറി | ശ്രീ.കെ.സതീഷ്കുമാർ | 1.4.18മുതൽ 31.3.19വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| കൃഷി ഓഫീസർ | ശ്രീമതി.റഷീദ് ബീഗം.എസ്.എ. | 1.4.18മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.തുളസി.കെ. | 1.4.18 മുതൽ 23.7.18FNവരെ |
| | ശ്രീമതി.ദിവ്യ ഗോപിനാഥ് | 23.7.18ANമുതൽ 31.3.19 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.സന്തോഷ്കുമാർ.പി.കെ. | 1.4.18മുതൽ 31.3.19 വരെ |
| വി.ഇ.ഒ. | ശ്രീമതി. വിനീത.കെ.വി. | 1.4.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഉഷാദേവി.കെ.കെ. | 1.4.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അജിതകുമാരി | 1.4.18മുതൽ 31.3.19 വരെ |
| | | |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഫാത്തിമ റെഹന.എം. | 1.4.18മുതൽ 31.3.19വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ജാസ്മിൻ.ജെ. | 1.4.18മുതൽ 30.11.18 വരെ |
| | ഡോ.അജി.പുന്നൻ | 1.12.18 മുതൽ 31.3.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.നസീമ | 1.4.18മുതൽ 10.1.19 വരെ |
| | ഡോ.റഷിൻ | 11.1.19മുതൽ 17.1.19 വരെ |
| | ഡോ.ദിനേഷ് | 18.1.19 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.എൻ.ദിനേഷ് | 1.4.18മുതൽ 31.3.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബിന്ദു | 1.4.18മുതൽ 21.11.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | ശ്രീമതി.രാധിക | 22.11.18 മുതൽ 31.3.19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| | | |

| | | |
|---|---|---|
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ | 1-9 |
| 10 | തൊഴിൽനികുതി പിരിവ് സംബന്ധിച്ച് | 1-10 |
| 11 | വെള്ളക്കരം കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-11 |
| 12 | നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് | 1-12 |
| 13 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ജില്ലാ പഞ്ചായത്ത് വിഹിതം കുറവ് ലഭിച്ചത് | 1-13 |
| 14 | ഹോമിയോ-മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. | 1-14 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-15 |
| 16 | വ്യവസായ മേഖലയിലെ പദ്ധതികൾ | 1-16 |
| 17 | കേന്ദ്രവിഹിതം തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കേണ്ടതാണ് | 1-17 |
| 18 | ലൈഫ് പദ്ധതി അവലോകനം | 1-18 |
| 19 | എൻ ആർ ഇ ജി എസ് ഓഫീസിലേക്ക് യു പി എസിനു ബാറ്ററി, ഫർണിച്ചർ എന്നിവ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിനൽകി | 1-19 |
| 20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 21 | തൊഴിൽരഹിത വേതനം-ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതാണ് | 1-21 |
| 22 | അസാധാരണ ചെലവുകൾക്ക് രജിസ്റ്റർ സൂക്ഷിക്കണം | 1-22 |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-23 |
| 24 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ - പദ്ധതി പൂർത്തിയാക്കേണ്ടതാണ് | 1-24 |
| 25 | തെരുവ് വിളക്ക് പരിപാലനം | 1-25 |
| 26 | പ്ലാൻ ഫണ്ട് ചെലവ് തുക തനതു ഫണ്ടിൽ നിന്ന് | 1-26 |

| | | |
|---|---|---|
| | പിൻവലിച്ചതിനാൽ തനതു ഫണ്ടിന് ബാധ്യത | |
| 27 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല | 1-27 |
| 28 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-28 |
| 29 | പഞ്ചായത്ത് കുടിവെള്ള പദ്ധതി മെയിന്റനൻസ് -അപാകതകൾ | 1-29 |
| | ഭാഗം 2-ഒന്നുമില്ല | |
| | ഭാഗം 3-ഒന്നുമില്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ്സാക്ഷ്യപത്രം | 1 |
| 2 | പത്രികകൾ | 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.3.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 22.5.2019 | --- | --- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 23842324.00 |
| വരവ് | 147638273.00 |
| ആകെ | 171480597.00 |
| ചെലവ് | 147808483.00 |
| നീക്കിയിരിപ്പ് | 23672114.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ * | 0 | 20714000 | 20714000 | 19630214 | 1083786 |
| വികസന ഫണ്ട്- എസ്.സി.പി * | 0 | 16115000 | 16115000 | 13112777 | 3002223 |
| മെയിന്റനൻസ്, | 0 | 5810000 | 5810000 | 5745588 | 64412 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ്(ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4229000 | 4229000 | 4167532 | 61468 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് * | | 0 | 11763193 | 11763193 | 6630864 | 5132329 |
| കെ.എൽ. എസ്.ജി. ഡി.പി(ACR പ്രകാരം) | | | 0 | 0 | 0 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ്* | തൊഴിലാളികളുടെ കൂലി | 4755.50 | 45226303 | 46779776 | 45226303 | 1272.50 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 1548718* | | 1552201 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - | ICDS | 2100520 | 590275 | 2690795 | 576000 | 2114795 |
| | TSC | 2000000 | 964553 (SBI Ownfund) | 2964553 | 0 | 2964553 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ - | TSC | 0 | 200000 (SBI Ownfund) | 200000 | 200000 | 0 |
| | വിമുക്തി | 12500 | 25000 | 37500 | 37500 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2683361 | 2683361 | 2683361 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 2766531 + 194188** | 2766531 + 194188 | 2429111 +194188 | 337420 |
| ബി ഫണ്ട് | | 0 | 391680 | 391680 | 391680 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI | 4473946 | 24869740 | 29343686 | 21949061 | 7394625 |
| | പറളി സർവീസ് കോ.ബാങ്ക് | 1963058 | 85773 | 2048831 | 7250 | 2041581 |
| | ട്രഷറി അക്കൗണ്ട്*** | 1887509 | 24899603 | 26787112 | 25113767 | 1673345 |

* NREGS രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ വരവ് 1548592 രൂപയാണ്.

**194188/- രൂപ 2017-18 വർഷത്തെ ICDS പ്രൊജക്ടിനായി വന്ന തുകയാണ്. 26.5.2018 ന് ലഭ്യമായ തുക 18.6.2018ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് സ്പിൽ ഓവർ ആക്കാത്തതിനാൽ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 128210052 | 155 | 80031751 | --- | 65 | 70.45 |

<u>ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 9568500 | 8478070 | 88.60 |
| വി.ഇ.ഒ | 14 | 7 | 40995680 | 17920500 | 43.71 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 9 | 10304265 | 7059865 | 68.51 |
| സെക്രട്ടറി | 22 | 14 | 9850931 | 7022952 | 71.29 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 4200832 | 3897138 | 92.77 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 136 | 96 | 44263575 | 29166636 | 65.89 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 500000 | 464491 | 92.90 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 5 | 5 | 553269 | 552969 | 9.959 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 2348000 | 563650 | 24 |
| എച്ച്.എം | 8 | 7 | 3525000 | 2955480 | 83.84 |
| ഡയറി ഫാം | 2 | 2 | 1500000 | 1350000 | 90 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്ട്രക്ടർ | | | | | |
| ആകെ | 220 | 155 | 128210052 | 80031751 | 62.42 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 151680 | 101 |
| കർഷകതൊഴിലാളി പെൻഷൻ | 8790500 | 636 |
| വിധവാപെൻഷൻ | 16582800 | 1276 |
| വാർദ്ധക്യകാലപെൻഷൻ | 33936300 | 2514 |
| വികലാംഗപെൻഷൻ | 5585200 | 386 |
| അവിവാഹിത പെൻഷൻ | 1347200 | 113 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹. 32721/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2019 to 20.11.2019 | 1.10.2019 to 31.10.2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.9.2001 to 29.9.2001 | 1997-98 to 1999-2000 | LBA-HQ 4/8A-226/ 08-09/30 dt.5.5.2009 പ്രകാരം എല്ലാ ഖണ്ഡികകളും തീർപ്പാക്കി |

# 1-9 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ

2018-19 സാമ്പത്തിക വർഷത്തേക്കായി ആകെ 338 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസിന് അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുത്തിട്ടുണ്ട്. 158350 രൂപയാണ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുള്ളത്.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പുതുക്കിയ ചട്ടപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല.

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.

| ക്രമ നം. | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|

| | | |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മോൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ് | 15000/- |

എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലും സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്തിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ ഫീസ് ഈടാക്കിയിട്ടുള്ളത് പുതുക്കിയ ചട്ടപ്രകാരം മൂലധനത്തിന്റെ അടിസ്ഥാനത്തിലല്ല.

2. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ -പട്ടിക 1 ൽ ഉൾപ്പെട്ട ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട അബ്കാരി ഷോപ്പുകൾ(കള്ള് ഷാപ്പുകൾ ഉൾപ്പെടെ)-(ക്രമ നമ്പർ 139),കല്ല്യാണമണ്ഡപങ്ങൾ (രണ്ടെണ്ണം ഒഴികെ) ,റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

3. ലൈസൻസ് അപേക്ഷകളിൽ ഒന്നും തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് രേപ്പെടുത്തിയിട്ടില്ല.ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷകളിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല.

4.വിസ്ലോടെക്ക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചപ്പോൾ ചുവടെചേർക്കുന്ന പ്രകാരം ഫീസ് കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്.

| അപേക്ഷ പ്രകാരം ഉപയോഗിക്കുന്ന യന്ത്ര ശക്തി | പരമാവധി ഫീസ് ഈടാക്കാവുന്നത് | ഫീസ് ഈടാക്കി യിട്ടുള്ളത് |
|---|---|---|
| 267 HP | 2670 | 1000 |

5.പറളി ക്ഷീരോത്പാദന സഹകരണ സംഘം സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പുതുക്കിയ ചട്ടപ്രകാരം നിലവിൽ ഫീസ് ഈടാക്കി വരുന്നുണ്ട്,പട്ടിക 1 ൽ ഉൾ,പ്പെട്ട അബ്കാരി ഷോപ്പുകൾ,കല്ല്യാണമണ്ഡപങ്ങൾ,റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്(ക്രമ നമ്പർ 1,2) .വിസ്ലോടെക്ക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ

2018-19 കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുന്നതാണ്,പറളി ക്ഷിരോത്പാദന സഹകരണ സംഘത്തിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്(ക്രമ നമ്പർ3,4) എന്നുമാണ് ഗ്രാമപഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-10 തൊഴിൽനികുതി പിരിവ് സംബന്ധിച്ച്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആകട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ,കലയിലോ,ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.ഗ്രാമപഞ്ചായത്തിൽ നിന്നും 2018-19 വർഷത്തേക്കായി ലൈസൻസ് നൽകിയ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി(ജീവനക്കാർ) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം<br>ആകെ ജീവനക്കാർ |
|---|---|
| ബ്രൈറ്റ് കാർട്ടൻസ് | 10 |
| വിസോടെക്ക് ഇൻഡസ്ട്രീസ്<br>പി.വി.സി. പൈപ്പ് നിർമാണം | 8 |
| ഹൈടെക്ക് ട്യൂബ്സ്<br>പി.വി.സി. പൈപ്പ് നിർമാണം | 8 |
| അവൻ ഫാഷൻ ഫാക്ടറി<br>വസ്ത്ര നിർമാണം | 4 |
| ജെറി ടെക്സ് വസ്ത്ര നിർമ്മാണം | 4 |
| ക്ലാസിക് കാർട്ടൻസ് | 8 |
| കൃഷ്ണ ടി.വി.എസ് | 9 |

2. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി (ജീവനക്കാർ)ഈടാക്കിയിട്ടില്ല.

i.കിണാവല്ലൂർ ക്ഷീരോത്പാദന സഹകണ സംഘം (ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലേത്)

ii.പറളി ക്ഷീരോത്പാദന സഹകണ സംഘം (ഒന്നാം അർദ്ധവർഷങ്ങളിലേത്)

iii.ജലനിധി ഓഫീസ് (രണ്ടാം അർദ്ധ വർഷം)

iv.എം.ജി.എൻ.ആർ.ജി.എസ് പറളി (രണ്ടാം അർദ്ധ വർഷം)

3.ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി(സ്ഥാപന തൊഴിൽ നികുതി) ഈടാക്കിയിട്ടില്ല

i.ബി.എസ്.എൻ.എൽ പറളി (ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലേത് )

ii.കെ.എസ്.ഇ.ബി (ഒന്ന്,രണ്ട് അർദ്ധവർഷങ്ങളിലേത് )

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ക്രമ നമ്പർ 1 പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്,മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കാൻ വിട്ട്പോയ തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണ് (ക്രമ നമ്പർ 2,3) എന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്.തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-11 വെള്ളക്കരം കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ആകെ ഒരു കുടിവെള്ള പദ്ധതി മാത്രമാണ് നിലവിലുള്ളത്. ആയത് ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നതാണ്.പ്രസ്തുത കുടിവെള്ളപദ്ധതിയിൽ ആകെ 709 ഗാർഹിക കണക്ഷനുകളും 17വാണിജ്യ കണക്ഷനുകളും നിലവിലുണ്ട്. പ്രതിമാസം 150 രൂപയാണ് ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് വെള്ളക്കരം നിശ്ചയിച്ച് ഈടാക്കി വരുന്നത്. വാണിജ്യ ഉപഭോക്താക്കളിൽ നിന്നും 220 രൂപയാണ് ഈടാക്കി വരുന്നത്.വെള്ളക്കരം ഇനത്തിൽ 2018-19വർഷത്തെ ഡിമാന്റ് 4,08,572 രൂപ മാത്രമാണ്.ആയതിൽ 2,10,522 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. കുടിവെള്ളപദ്ധതികൾക്കായി വൈദ്യുതി ചാർജ്,പമ്പ് ഓപ്പറേറ്ററുടെ വേതനം, മെയിന്റനൻസ് ചെലവുകൾ,പ്ലംബ്ബിഗ് എന്നീ ഇനത്തിലുള്ള ചെലവുകൾക്കായി 2018-19വർഷം ആകെ 838415 രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ 2018-19 വെള്ളക്കരം രജിസ്ററിലെ വിവരങ്ങൾ എന്നിവ പ്രകാരം വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| 2018-19 വർഷത്തേത് | |
|---|---|
| ഡിമാന്റ് | 408572 |
| കളക്ഷൻ | 210522 |
| ബാലൻസ് | 170050 |

| മുൻവർഷങ്ങളിലെ കുടിശ്ശിക | |
|---|---|
| ഡിമാന്റ് | 757807 |
| കളക്ഷൻ | 215357 |
| ബാലൻസ് | 542450 |

ആകെ കുടിശ്ശിക 712500രൂപയാണ്.(542450+170050)

വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) കുടിവെള്ളക്കരം കുടിശ്ശികയുള്ളവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്,എന്നാൽ പ്രളയം മൂലം നശിച്ച, കണക്ഷനുകളിൽ നിന്നുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത് എന്ന മറുപടിയാണ് ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്.

കുടിവെള്ള പദ്ധതികൾ വവ് ചെലവുകൾ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി തീരുന്ന സാഹചര്യമാണുണ്ടാക്കുന്നത്.കുടിശ്ശിക തുക പിരിച്ചെടുക്കാൻ വേണ്ട നടപടികൾ ഫലപ്രദമായി സ്വീകരിക്കേണ്ടതാണ്.പദ്ധതി നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് ആവശ്യമെങ്കിൽ കൈമാറാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 1-12 നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട്(നം.4269000100082677) നിഷ്ക്രിയമായ അക്കൗണ്ടായി നിലനിൽക്കുകയാണ്.അക്കൗണ്ട് ക്ലോസ് ചെയ്ത് ആയതിലെ തുകകൾ ബാധകമായ തനത്ഫണ്ട് അക്കൗണ്ടിലേക്ക് തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-ജില്ലാ പഞ്ചായത്ത് വിഹിതം കുറവ് ലഭിച്ചത്

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്നതിനായി 18പാടശേഖരസമിതികളിലായി രജിസ്റ്റർ ചെയ്ത 1654 കർഷകർക്ക് ഹെക്ടറിന് 17000 രൂപ വീതം ഉഴവുകൂലി സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ആകെ വകയിരുത്തിയ തുക 8728500 രൂപയാണ്. പദ്ധതി വിഹിതം-4301000, ജില്ലാ പഞ്ചായത്ത് വിഹിതം -2530000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം -1771000 രൂപയും

മറ്റുള്ളവ 126500രൂപയും വകയിരുത്തിയെങ്കിലും ജില്ലാ പഞ്ചായത്ത് വിഹിതമായി 1566070രൂപ (ഹെക്ടറിന് 3095 രൂപ )മാത്രമേ ലഭ്യമായിട്ടുള്ളൂ.

13 ◌ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ 2018-19 (സ.ഉ. എം.എസ്.22/2018 തസ്വഭവ 14.2.2018, ഖണ്ഡിക 6.1.6) പ്രകാരം ഒരു ഗുണഭോക്താവിന് ഉഴവുകൂലി സബ്സിഡി ആയി ഒരു സീസണിൽ മാത്രം ഹെക്ടറിന് 17000 രൂപ നൽകാവുന്നതാണ്. പരമാവധി രണ്ടു സീസണിലും തുക നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് 50 % തുകയും ബാക്കി തുക ബ്ലോക്ക് ജില്ലാ വിഹിതമായി വകയിരുത്തേണ്ടതുമാണ്. കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്ത് വിഭവസമാഹരണം ഉറപ്പിക്കുന്നതിനായി സ്ഥാപനമേധാവികളുടെ സംയുക്ത യോഗം നിർബന്ധമായും ചേരേണ്ടതും സംയുക്ത പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. കൂടാതെ ജി.ഒ.(പി). നം100/2018 ഫിൻ തീയതി 3.07.18 പ്രകാരം സംയുക്ത പ്രേജക്ടുകൾക്കായി രൂപീകരിച്ചിരിക്കുന്ന ജോയിന്റ് വെൻചർ അക്കൗണ്ടിലേക്ക് 2018 സെപ്തംബർ 30 നകം ഒറ്റ ഇൻസ്റ്റാൾമെന്റായി മറ്റ് തദ്ദേശ സ്ഥാപനങ്ങൾ വകയിരുത്തിയ തുക മുഴുവനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. മുഴുവൻ തുകയും ലഭ്യമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-14 ഹോമിയോ-മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.- 4/2018-19

പ്രോജക്ട് – മാതൃകാ ഹോമിയോ ഡിസ്പെൻസറി കിണാവല്ലൂർ-മരുന്ന വാങ്ങൽ

അടങ്കൽ- ₹ 4,00,000/-

ട്രഷറി ബിൽ നം. 1/2018-19 തീയതി 24-7-2018

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പ്രോജക്ട് പ്രകാരം മാതൃകാ ഹോമിയോ ഡിസ്പെൻസറി കിണാവല്ലൂർ -ന് മരുന്നുകൾ വാങ്ങുന്നതിനായി 4,00,000 രൂപ ഹോംകോ,ആലപ്പുഴയ്ക്ക് (അക്കൗണ്ട് നം.34306403911 IFSC code . SBIN0012873) നെഫ്റ്റ് മുഖേന 24-7-2018 ന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ 335802 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം./തിയതി | ടാക്സ് ഉൾപ്പെടെയുള്ള തുക |
|---|---|
| LF-1589/8.3.2019 | 205087 |
| | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.
ബാക്കി തുക 64198 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിക്കാനും രോഗികൾക്ക് ഉപകാരപ്രദമാം വിധത്തിൽ യഥാ സമയം മരുന്നുകൾ ലഭ്യമാകുന്നതിനും കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഹോംകോയുമായുള്ള വാങ്ങലുകളിൽ മതിയായ വ്യവസ്ഥകളും നിബന്ധനകളും ഉൾപ്പെടുത്തി , കേരള സ്റ്റാമ്പ് ആക്ട് പ്രകാരം നിശ്ചിത മൂല്യമുള്ള മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്.

# 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം - 169/19-പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് ,പ്രോജക്ട് നം 171/19-പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ് എന്നിങ്ങനെ 600000 രൂപ വീതം അടങ്കലിൽ രണ്ട് പ്രോജക്ടുകൾ എച്ച്.എം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ ലക്ഷ്യം വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ് ടോപ്പുകൾ വിതരണം ചെയ്യുക എന്നതാണ്. ആകെ 42 എസ്.സി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുള്ള രണ്ടു പ്രോജക്ടുകൾക്കും കൂടി 577269 രൂപ വീതം ചെലവുണ്ട്. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

2017-18 ൽ ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ള ഈ പദ്ധതി സ്പിൽ ഓവർ ആയി 2018-19 ലാണ് നടപ്പിലാക്കിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധിച്ചതിൽ ഏതാനും വിദ്യാർത്ഥികൾ 2018-19 അദ്ധ്യയനവർഷത്തിനു മുമ്പ് തന്നെ പഠന കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളതായി കണ്ടു. ഓഡിറ്റ് അന്വേഷണം നം 2 / 3-12-19 പ്രകാരം ഈ വിഷയം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു.

ലാപ്ടോപ് വാങ്ങി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് തന്നെ പൂർത്തിയായെങ്കിലും ട്രഷറിയിൽ ബില്ലുകൾ ക്യൂ ബില്ലുകളായതിനാലാണ് പ്രോജക്ടുകൾ സ്പിൽ ഓവറായത് എന്ന് എച്ച്.എം മറുപടി തന്നിട്ടുണ്ട്. കൂടാതെ 2017-18 വർഷം കോഴ്സുകൾ പൂർത്തിയാക്കിയ ബഹുഭൂരിഭാഗം വിദ്യാർത്ഥികളും ഉന്നതപഠനത്തിന് ചേരുകയും 2018-19 ലും പഠനം തുടരുന്നതായും അറിയിച്ചു. 2017-18 ലെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവരും പഠനാവശ്യത്തിനായി

ലാപ്ടോപ്പിന് അർഹത ഉണ്ടായിരുന്നിട്ടും യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് കഴിഞ്ഞില്ല.

പദ്ധതി നിർവ്വഹണനടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം യഥാസമയം ലഭിക്കുന്ന രീതിയിൽ നടപ്പിലാക്കുന്നതിനും ഭരണ നിർവ്വഹണോദ്യോഗസ്ഥരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 വ്യവസായ മേഖലയിലെ പദ്ധതികൾ

വനിതകളുടെയും മറ്റ് ന്യൂനപക്ഷവിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് എത്രത്തോളം ലക്ഷ്യപ്രാപ്തി നേടി എന്നു പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

പ്രാദേശിക സാമ്പത്തിക വികസനം, ചെറുകിടവ്യവസായം സൂക്ഷ്മസംരംഭങ്ങൾ തുടങ്ങൽ എന്നീ മേഖലകളിൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ വിവരം | അടങ്കൽ |
|---|---|---|
| 1. | 104/19, മൺപാത്ര തൊഴിലാളികൾക്ക് വ്യക്തിഗത ധനസഹായം | 200000<br>(തനത് ഫണ്ട്) |
| 2. | 135/19,<br>വനിത സ്വയംതൊഴിൽ സംരംഭം ധനസഹായം നൽകൽ-SCP | 520000<br>വികസനഫണ്ട് (SCP) |
| 3. | 136/19,<br>വനിത സ്വയംതൊഴിൽ സംരംഭം ധനസഹായം നൽകൽ (ജനറൽ) | 200000<br>വികസനഫണ്ട് (ജനറൽ) |
| 4. | 137/19,<br>വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം(SCP) | 230500<br>വികസനഫണ്ട് (SCP) |

ഓഡിറ്റ് അന്വേഷണം നം 17/ 6.12.17 പ്രകാരം ഈ വിഷയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൺപാത്ര നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും മതിയായ ഗുണഭോക്തൃപങ്കാളിത്തം ഇല്ലാത്തതും ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തതിന് കാരണമായി മറുപടി നൽകിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളിലോ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഈ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ചെറുകിടവ്യവസായം, സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ ഗുണഭോക്താക്കളുടെ ആവശ്യം വിലയിരുത്തി ആയതിനനരുസൃതമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലേക്ക് ഭരണനിർവ്വഹണാധികാരികളുടെശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 കേന്ദ്രവിഹിതം തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിന്നതിന് ഉപയോഗിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തിയത് പ്രകാരം ആകെ 42അങ്കണവാടികൾ ഉള്ളതിൽ പ്രധാനമായും 8 അങ്കണവാടികൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും 14 അങ്കണവാടികൾ ചുറ്റുമതിൽ ഇല്ലാതെയും എല്ലാ അങ്കണവാടിയും ശിശുസൗഹൃദ ടോയ് ലെറ്റുകൾ ഇല്ലാതെയുമാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു. 13 അങ്കണവാടികൾക്ക് കുടിവെള്ളസൗകര്യം ഇല്ലാതെ പ്രവർത്തിക്കുന്നതായും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. (ഓഡിറ്റ് അന്വേഷണം നം 5/5.12.2019)

1. അനുപൂരകപോഷകാഹാരം നൽകൽ പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതത്തിൽ 31.03.19പ്രകാരം 2114795 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പൂരകപോഷകാഹാര പദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ ഭൗതികാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ഈ തുക പ്രയോജനപ്പെടുത്തുന്നതിനും അങ്കണവാടികളിൽ ശിശുസൗഹാർദ്ദവും സുരക്ഷിതവുമായ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-18 ലൈഫ് പദ്ധതി അവലോകനം

ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ

ഒന്നാംഘട്ടം പ്രവർത്തനങ്ങൾക്കായി ആകെ 9ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18, 2018-19 വർഷങ്ങളായി 5,40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 9 ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചു.

രണ്ടാം ഘട്ടം പ്രവർത്തനങ്ങൾ

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച. അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പ്രകാരം ജനറൽ വിഭാഗത്തിൽ ആകെ 132 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ 91 പേർ എഗ്രിമെന്റ് വയ്ക്കുകയും നാളിതു വരെ 31 പേർ പണി പൂർത്തിയാക്കിയതായും വി.ഇ.ഒ അറിയിച്ചു. 60 പേർ ഇനിയും ഭവനനിർമ്മാണം പൂർത്തിയാക്കാനുണ്ട്. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന 3 ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെടുന്നുണ്ട്. 2018-19 വർഷം ആരംഭിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരം താഴെ ചേർക്കുന്നു.

പദ്ധതിക്കായി 2017-18, 2018-19 വർഷം ലഭ്യമായ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|
| പ്ലാൻ വിഹിതം | 5501392 | 4980000 | 521392 |
| ബ്ലോക്ക് വിഹിതം | 362361 | 362361 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 650461 | 633041 | 0 |
| ലോൺ | 10664598 | 10664598 | 0 |

ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ് ) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ്

പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

സർക്കാർ വിഹിതം ലഭ്യമാക്കിയതിന്റെ വിവരങ്ങൾ

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിക്കായി 51 ലക്ഷം രൂപ സംസ്ഥാനവിഹിതം നാളിതു വരെ ലഭ്യമായിട്ടുണ്ട്. പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

ഭവനനിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ നാളിതു വരെ ഭവനനിധി രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിനും ലൈഫ് മൂന്നാംഘട്ട പ്രവർത്തനങ്ങളിൽ ഭവനനിധി ഉപയോഗിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം - നടപടികൾ നാളിതു വരെ തുടങ്ങിയിട്ടില്ല

ഭൂരഹിത ഭവനരഹിതരായി 73 ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉണ്ട്. നാളിതു വരെ ഇവർക്കായുള്ള ഭവന നിർമ്മാണ നടപടികൾ തുടങ്ങിയിട്ടില്ല. സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

മോണിറ്ററിംഗ് നടപടികൾ

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 എൻ ആർ ഇ ജി എസ് ഓഫീസിലേക്ക് യു പി എസിനു ബാറ്ററി, ഫർണിച്ചർ എന്നിവ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിനൽകി

എ) യു പി എസിനു ബാറ്ററി വാങ്ങൽ

പ്രൊജക്ട് നം.193/19

ചെലവ്-15112 (തനത് ഫണ്ട്) പേമെന്റ് വൗച്ചർ നം.2113809/28.1.2019

ഇഗാടെക്ക് എന്ന സ്ഥാപനത്തിൽനിന്നും എൻ ആർ ഇ ജി എസ് ഓഫീസിൽ യു പി എസ് ബാറ്ററി വാങ്ങുന്നതിനായി മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം 15112 രൂപ ചെലവഴിച്ചിട്ടുണ്ട്.

ബി)എൻ ആർ ഇ ജി എസ് ഓഫീസിന് അലമാരകൾ വാങ്ങൽ

ചെലവ്-19600 (തനത് ഫണ്ട്) പേമെന്റ് വൗച്ചർ നം.211800405/10.7.2018

എൻ ആർ ഇ ജി എസ് ഓഫീസിലേക്ക് 2 അലമാരകൾ വാങ്ങുന്നതിനായി മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം 19600 രൂപ ചെലവഴിച്ചിട്ടുണ്ട്.

എൻ ആർ ഇ ജി എസ് ഓഫീസിന്റെ അടിസ്ഥാനവികസനത്തിന് കേന്ദ്രഫണ്ട് ചെലവഴിക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരുടെ വേതനത്തിനുള്ള തുക തന്നെ യഥാസമയം ലഭിക്കാത്ത അവസ്ഥയാണെന്നും ആയതിനാലാണ് തനത് ഫണ്ടിൽനിന്നും യു പി എസും അലമാരകളും വാങ്ങി നൽകിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എൻ ആർ ഇ ജി എസ് ഓഫീസിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്രഫണ്ട് ലഭ്യമാക്കി ചെലവഴിച്ച തുക തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതാണ്.

# 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട്-കന്നുകുട്ടി പരിപാലനപദ്ധതി-

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

കന്നുകുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ 68/19 എന്ന പ്രൊജക്ടിനായി 12,00,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 3,00000/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 3,00000/- |
| ഗുണഭോക്തൃ വിഹിതം | 600,000/- |
| ആകെ അടങ്കൽ | 1200,00/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 1/18-19/21/12/2018 | 300000 |

ഈ പദ്ധതിക്കായി പ്രായം 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ള 48 കന്നുകുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 30 മാസം വരെയാണ് ഇവയ്ക്ക് കാലി തീറ്റ കൊടുത്ത് വരുന്നത്. ഈ കാലയളവിലുള്ള കാലി തീറ്റ വിതരണത്തിനായി 6250 രൂപയാണ് ഒരു കന്നുകുട്ടിക്ക് സബ്സിഡിയായി നൽകുന്നത്. ഗ്രാമപഞ്ചായത്തിന്റെ

വിഹിതമായ 3,00000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാമിലേക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്.
(അക്കൗണ്ട് നം.714021400000008).

ഈ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 തൊഴിൽരഹിത വേതനം- ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ ബിൽബുക്ക പ്രകാരം 2 തവണകളായിട്ടാണ് തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുള്ളത്. പിൻവലിച്ച തുക, ചെലവഴിച്ച തുക, കൈപ്പറ്റിയവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./തിയ്യതി | 7/25-7-2018 | 21/12.3.2019 |
|---|---|---|
| പിൻ വലിച്ച തുക | 110640 | 93840 |
| യഥാർത്ഥത്തിൽ ചെലവഴിച്ച തുക | 88920 | 62760 |
| വിതരണം ചെയ്യാതെ തിരിച്ചടച്ച തുക | 21720 | 31080 |
| വേതനം കൈപ്പറ്റിയവരുടെ എണ്ണം | 94 | 67 |

വിദ്യാർത്ഥികൾ അല്ലാത്തവരും എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷ പാസായവരും വാർഷിക കുടുംബ വരുമാനം 12000 രൂപയിൽ കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി 3 വർഷം തൊഴിൽ ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവരും അപേക്ഷിക്കുന്ന ദിവസം 35 വയസ്സ് കഴിയാത്തവരും ആയ വ്യക്തികളാണ് തൊഴിൽ രഹിത വേതനത്തിന് അർഹരായിട്ടുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അലോട്ട്മെന്റ് ലഭ്യമാകുന്ന നടപടിക്രമ ഉത്തരവിൽ തൊഴിലുറപ്പ് ആനുകൂല്യം കൈപ്പറ്റുന്നവരെയും വ്യക്തിഗത കുടുംബവാർഷിക വരുമാനപരിധിയിൽ അധികരിക്കുന്നവരെയും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാത്തവരെയും മറ്റു തരത്തിൽ അനർഹരായവരെയും ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വേതനം കൈപ്പറ്റുന്നവരുടെ വരുമാന പരിധി ഉറപ്പുവരുത്തുന്നതിന് രേഖകൾ ആവശ്യപ്പെടാവുന്നതാണ്. എന്നാൽ പറളി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ വരുമാന പരിധി ഉറപ്പുവരുത്തുന്നതിന് രേഖകൾ ആവശ്യപ്പെട്ട് പരിശോധന നടത്തിയിട്ടില്ല.

ഇക്കാര്യം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/7.12.2019) ഇനിമുതൽ വരുമാനപരിധി ഉറപ്പാക്കി മാത്രം തൊഴിൽരഹിതവേതനം നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 12000 രൂപ വരുമാനപരിധി ഉറപ്പാക്കി മാത്രം തൊഴിൽരഹിതവേതനം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 അസാധാരണ ചെലവുകൾക്ക് രജിസ്റ്റർ സൂക്ഷിക്കണം

മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് ഗ്രാമപഞ്ചായത്തുകളുടെ അസാധാരണ ചെലവിന്റെ പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾ അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായിട്ടാണ് പരിഗണിച്ചിട്ടുള്ളത്. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തിയതി | തുക | ചെലവിനം |
|---|---|---|
| 21800306/12.6.2018 | 11662 | പഠനോപകരണങ്ങൾ വിതരണപദ്ധതി,വിമുക്തി പദ്ധതി, കട്ടിൽപദ്ധതി ഉദ്ഘാടനം, റിഫ്രഷ്മെന്റ് |
| 21800478/27.7.18 | 14000 | മൈക്ക് അനൗൺസ്മെന്റ് ചാർജ്-കട്ടിൽ വിതരണം , സൈക്കിൾവിതരണം |

അസാധാരണച്ചെലവുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അസാധാരണ ചെലവുകളുടെ പരിധി ലംഘിക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസാധാരണ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത്രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതും രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. അസാധാരണ ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും ധനകാര്യ

സ്റ്റാന്റിംഗ് കമ്മറ്റി ആയത് വിലയിരുത്തേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
